## സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ:ചേതൻ കുമാർ മീണ.ഐ.എ.എസ് )

ഉത്തരവ് നം. SJD/4652/2022-E3

തിരുവനന്തപുരം,
തീയതി. 24-06-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ക്ലറിക്കൽ അറ്റൻഡർ തസ്തികയിൽ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 20.09.2022 ലെ SJD/3814/2022/E2 നമ്പർ നടപടിക്രമങ്ങൾ
2. സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 21.11.2022 ലെ SJD/2975/2022-E4 നമ്പർ നടപടിക്രമങ്ങൾ
3. 07.12.2022 ലെ സ.ഉ.(സാധാ) നം.3036/2022/LSGD നം സർക്കാർ ഉത്തരവ്
4. സാമൂഹികനീതി വകുപ്പ് ഡയറക്ടറുടെ 6.1.2023 ലെ SJD/2975/ 2021-E4 നമ്പർ നടപടിക്രമങ്ങൾ

സാമൂഹികനീതി ഡയറക്ടേറ്റിൽ ക്ലറിക്കൽ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ ശ്രീമതി.വസന്തകുമാരി.ജി ക്ക് പരാമർശം (1) പ്രകാരം ക്ലാർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം അനുവദിച്ചുനൽകിയത് മുഖേന സാമൂഹ്യനീതി ഡയറക്ടേറ്റിൽ ക്ലറിക്കൽ അറ്റൻഡർ തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വരുകയുണ്ടായി. പ്രസ്തുത ഒഴിവിൽ സാമൂഹ്യനീതി ഡയറക്ടേറ്റിലെ അറ്റൻഡറും നിലവിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്രസേവനത്തിൽ തുടരുന്നതുമായ ശ്രീ.പ്രദീപ് സോമന് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ശ്രീ.പ്രദീപ് സോമൻ നിലവിൽ അന്യത്രസേവന വ്യവസ്ഥയിൽ തുടരുന്ന സാഹചര്യത്തിൽ ശ്രീ.പ്രദീപ് സോമന്റെ തൊട്ടടുത്ത ജൂനിയറും നിലവിൽ സാമൂഹികനീതി ഡയറക്ടേറ്റിൽ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീ.നവീൻ ഇസഹാക്ക് ക്ലറിക്കൽ അറ്റൻഡർ തസ്തികയിൽ ഉദ്യോഗക്കയറ്റ നിയമനത്തിന് അർഹനാണ്.

ഈ സാഹചര്യത്തിൽ സാമൂഹ്യനീതി ഡയറക്ടേറ്റിലെ അറ്റൻഡർ തസ്തികയിലെ ജീവനക്കാരായ ശ്രീ.പ്രദീപ് സോമൻ, ശ്രീ.നവീൻ ഇസഹാക്ക് എന്നീ ജീവനക്കാർക്ക് കെ.എസ്&എസ്.എസ്.ആർ ചട്ടം 28 (എ) 1 പ്രകാരം 23700 - 52600 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകിയും ചുവടെ വിവരിക്കും വിധം നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്,തസ്തിക,കാര്യാലയം | ഉദ്യോഗക്കയറ്റം അനുവദിയ്ക്കുന്ന തസ്തിക, നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ.പ്രദീപ് സോമൻ<br>(PEN-452412)<br>അറ്റൻഡർ ഗ്രേഡ് II<br>സാമൂഹ്യനീതി ഡയറക്ടേറ്റ് | ക്ലറിക്കൽ അറ്റൻഡർ<br>സാമൂഹ്യനീതി ഡയറക്ടേറ്റ്<br>(അന്യത്രസേവനവ്യവസ്ഥയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ തുടരുവാൻ അനുമതി നൽകുന്നു) |
| 2 | ശ്രീ.നവീൻ.ഇസഹാക്ക്<br>(PEN - 674160)<br>അറ്റൻഡർ ഗ്രേഡ് II<br>സാമൂഹ്യനീതി ഡയറക്ടേറ്റ് | ക്ലറിക്കൽ അറ്റൻഡർ<br>സാമൂഹ്യനീതി വകുപ്പ് ഡയറക്ടേറ്റ് |

ഉദ്യോഗക്കയറ്റ നിയമനം ലഭ്യമായ ജീവനക്കാർക്ക് നിയമാനുസൃത ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

Signed by Chetan Kumar Meena
Date: 24-06-2023 17:07:17
ചേതൻ കുമാർ മീണ.IAS

സാമൂഹികനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1 സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ തിരുവനന്തപുരം

2 സൂപ്രണ്ട്, ബിൽ സെക്ഷൻ

3 സൂപ്രണ്ട് IT Cell ( വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിന്)

4 E1 മുതൽ E7 വരെ

5 ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്

6 സ്റ്റോക്ക് ഫയൽ / സ്പെയർ